# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. ടി.8141 17.07.2014-ലെ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സർക്കാർ സീറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ പി. ശ്രീരാമകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഈ വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | എ)കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള നാലു സ്വാശ്രയ മെഡിക്കൽ കോളേജുകളുമായും കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള എട്ടു മെഡിക്കൽ കോളേജുകളുമായും പരിയാരം സഹകരണ മെഡിക്കൽ കോളേജുമായും നിലവിൽ സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| ബി) കഴിഞ്ഞ വർഷത്തേതുപോലെ തന്നെയാണോ ഈ വർഷവും പ്രവേശനം നടക്കുകയെന്ന് അറിയിക്കുമോ; | ബി) മുൻ വർഷങ്ങളിലേതുപോലെ തന്നെ സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്ഥാപനങ്ങളിലെ 50% സീറ്റുകളിൽ സർക്കാർ മെറിറ്റിലാണ് പ്രവേശനം നടത്തുന്നത്. |
| സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റാണ് സർക്കാരിന് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താനായി ലഭിക്കുന്നത്; | സി) നിലവിൽ കരാറിൽ ഒപ്പുവെച്ച സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 725 സീറ്റുകളിൽ സർക്കാർ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താൻ ലഭ്യമാകും. |

ഡി) ഈ വർഷത്തെ സർക്കാർ മെറിറ്റ് സീറ്റുകളിലേക്ക് കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തി എന്ന വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

ഇ) എങ്കിൽ എത്ര സീറ്റുകളിലേക്കാണ് പ്രവേശനം നടത്തിയിട്ടുള്ളത്: ഇത് മെഡിക്കൽ പ്രവേശനത്തെ ആകെ ബാധിക്കുമോ എന്നറിയിക്കുമോ;

എഫ്) ഇതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കാൻ . കഴിയുകയെന്ന് വിശദമാക്കുമോ?

ഡി)യും ഇ)യും എഫ്)യും

സർക്കാരുമായി ഇതുവരെയും കരാറിൽ ഒപ്പിടാത്ത സ്ഥാപനങ്ങൾ ഉടൻ തന്നെ സർക്കാരുമായി കരാറിൽ ഒപ്പിടാൻ സാധിക്കുമെന്നാണ് കരുതുന്നത്.

സർക്കാരുമായി കരാറിൽ ഏർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ 2006ലെ സ്വാശ്രയ പ്രവേശന ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി നടപടികൾ കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശി ക്കുന്നു. ഒപ്പംതന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ തുടർന്നു നൽകുന്ന ക്കാര്യം പുനഃപരിശോധിക്കു ന്നതും ഈ വിവരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയെയും ആരോഗ്യ സർവ്വകലാശാലയെയും അറിയിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ